(ബി) എത്ര അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചു ;

(സി) ആകെ എത്ര ഇക വിതരണം ചെയ്യുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പാലക്കാട് ഒഴികെ മറ്റ് 13 ജില്ലകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 58,33,61,500 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

കരുതൽ 2015

65(67) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കരുതൽ 2015-ൽ കൊല്ലം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കരുതൽ 2015-ന്റെ ഭാഗമായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ ;

(ഡി) ധനസഹായത്തിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ സഹായം അനുവദിക്കാത്ത അപേക്ഷകൾ എത്രയെന്നറിയിക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) കരുതൽ 2015 കൊല്ലത്ത് സംഘടിപ്പിച്ചതിനുള്ള ചെലവ് എത്ര എന്നറിയിക്കാമോ ;

(എഫ്) ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ സമർപ്പിച്ച വിവിധ പരാതികളിൽ തീർപ്പ് ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 49,985 അപേക്ഷകൾ ലഭിച്ചു.

(ബി) ഓൺലൈൻ മുഖാന്തിരം ലഭിച്ച മുഴുവൻ അപേക്ഷകളിലും നടപടി പൂർത്തിയായിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരുതൽ 2015-ന്റെ ഭാഗമായി 5,18,95,500 രൂപ (അഞ്ച് കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ഡി) 2345 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത കേസ്സുകളും ഉൾപ്പെടും.

(ഇ) കരുതൽ 2015-ലെ നടത്തിപ്പിനായി ചെലവാക്കിയ തുക സംബന്ധിച്ച അന്തിമ ബില്ലുകൾ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 36,63,277 രൂപ (മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുന്നൂറ്റി എഴുപത്തിയേഴ് രൂപ) ചെലവായിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജനസമ്പർക്ക പരിപാടി 2015

66 (68) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടി 2015-ന്റെ ഭാഗമായി ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വിഷയങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകേണ്ടതെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളെ ഏറ്റവും വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരികരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനും ഭേദഗതി വരുത്തുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതിവരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളെ വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly